സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 218 2025 ഡിസംബർ 08 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇൻഡിഗോ പ്രതിസന്ധിക്ക് അയവില്ല; ഇന്ന് റദ്ദാക്കിയത് 350 വിമാനങ്ങൾ

ന്യൂഡൽഹി: ദിസങ്ങൾ കഴിഞ്ഞിട്ടും ഇൻഡിഗോ പ്രതിസന്ധി അയവില്ലാതെ തുടരുന്നു. തിങ്കളാഴ്ച 350 വിമാനങ്ങളാണ് റദ്ദാക്കിയത്. ഇത് ഏഴാം ദിവമാണ് ഇൻഡിഗോയുടെ സർവീസുകൾ മുടങ്ങുന്നത്. ഇന്ത്യൻ വ്യോമയാനരംഗം ഇതുവരെ കാണാത്ത പ്രതിസന്ധിക്കാണ് സാക്ഷ്യം വഹിക്കുന്നത്.

ഡൽഹി വിമാനത്താവളത്തിൽ ഇൻഡിഗോയുടെ 134 സർവീസുകളാണ് മുടങ്ങിയത്. ബംഗളൂരു 127, ചെന്നൈ 71 എന്നിങ്ങനെയാണ് മുടങ്ങിയ സർവീസുകളുടെ എണ്ണം. അഹമ്മദാബാദിൽ 20 വിമാനങ്ങളാണ് നിലത്തിറക്കിയിരിക്കുന്നത്. വിശാഖപ?ട്ടണം, മുംബൈ, കൊൽക്കത്ത വിമാനത്താവളങ്ങളിലും സർവീസ് മുടങ്ങിയിട്ടുണ്ട്.

ദിലീപിനെ വെറുതെവിട്ടു, ഒന്നു മുതൽ ആറുവരെയുള്ള പ്രതികൾ കുറ്റക്കാർ; വിധി 12ന്

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപ് കുറ്റവിമുക്തൻ. അതേസമയം, ഒന്ന് മുതൽ ആറുവരെയുള്ള പ്രതികളുടെ കുറ്റം തെളിഞ്ഞതായി കോടതി വ്യക്തമാക്കി. ദിലീപ് എട്ടാം പ്രതിയായ കേസിൽ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി എം. വർഗീസാണ് ആറു പേർ കുറ്റക്കാരാണെന്ന് വിധിച്ചത്. ഇവർക്കുള്ള ശിക്ഷ ഈ മാസം 12ന് വിധിക്കും. കുറ്റക്കാരെന്ന് കോടതി വിധിച്ച പ്രതികളുടെ ജാമ്യം റദ്ദാക്കിയിട്ടുണ്ട്. ഒന്നാം പ്രതി സുനിൽ എൻ.എസ് എന്ന പൾസർ സുനി, രണ്ടാം പ്രതി മാർട്ടിൻ ആന്റണി, മൂന്നാം പ്രതി ബി. മണികണ്ഠൻ, നാലാം പ്രതി വി.പി. വിജീഷ്, അഞ്ചാം പ്രതി എച്ച്. സലിം എന്ന വടിവാൾ സലീം, ആറാം പ്രതി പ്രദീപ് എന്നിവരാണ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയത്. ഏഴാം പ്രതി ചാർളി തോമസ്, ഒൻപതാം പ്രതി സനിൽകുമാർ, പത്താം പ്രതി ശരത് ജി. നായർ എന്നിവരെയാണ് എട്ടാം പ്രതി ദിലീപിനൊപ്പം കോടതി വെറുതെവിട്ടത്. ഒന്നാംപ്രതി പൾസർ സുനി ഉൾപ്പെടെ പത്തു പ്രതികളാണ് രാജ്യം മുഴുവൻ ശ്രദ്ധിക്കപ്പെട്ട കേസിലുണ്ടായിരുന്നത്.

നടിയെ ആക്രമിച്ച് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയെന്നകേസിൽ വിധിവരുന്നത് സംഭവം നടന്ന് എട്ടുവർഷത്തിനുശേഷമാണ്.

2017 ഫെബ്രുവരി 17–നാണ് കേസിനാസ്പദമായ സംഭവം. ഷൂട്ടിങ്ങിനായി തൃശ്ശൂരിൽനിന്ന് എറണാകുളത്തേക്കുള്ള യാത്രയിലായിരുന്നു നടി. ഇതിനിടെ ക്വട്ടേഷൻ പ്രകാരം അവരെ തട്ടിക്കൊണ്ടുപോയി അപകീർത്തികരമായ ദൃശ്യം പകർത്തിയെന്നാണ് കേസ്.

പ്രതിഭാഗം 221 രേഖകൾ ഹാജരാക്കി. കേസിൽ 28 പേർ കൂറുമാറി. മാനഭംഗം, ഗൂഢാലോചന, സ്ത്രീത്വത്തെ അപമാനിക്കൽ, അന്യായ തടങ്കൽ, ബലപ്രയോഗം, തെളിവ് നശിപ്പിക്കൽ, അശ്ലീല ചിത്രമെടുക്കൽ, പ്രചരിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് പ്രതികൾക്കെതിരേ ചുമത്തിയത്.

സംഭവമുണ്ടായി തൊട്ടടുത്ത ദിവസങ്ങളിൽ ത്തന്നെ

പൾസർ സുനി ഉൾപ്പെടെയുള്ളവർ പോലീസിന്റെ പിടിയിലായി. കേസിലെ ഗൂഢാലോചന സംബന്ധിച്ച അന്വേഷണത്തിൽ ജൂലായിലാണ് നടൻ ദിലീപ് അറസ്റ്റിലായത്.

2018 മാർച്ച് എട്ടിനാണ് വിചാരണ നടപടി ആരംഭിച്ചത്. അതിജീവിത ആവശ്യപ്പെട്ടതനുസരിച്ച് വനിതാജഡ്ജിയെ ഹൈക്കോടതി നിയോഗിച്ചു. രഹസ്യവിചാരണയാണ് നടന്നത്. പിന്നീട് സംവിധായകൻ ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് തുടരന്വേഷണം നടത്തി രണ്ടാംകുറ്റപത്രം നൽകി. ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ബൈജു കെ. പൗലോസായിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. ആദ്യ പ്രതിപ്പട്ടികയിൽ ചിലരെ ഒഴിവാക്കുകയും മറ്റുചിലരെ മാപ്പുസാക്ഷിയാക്കുകയും ചെയ്തു.

അതിജീവിതയും പ്രതികളിലൊരാളും സിനിമാമേഖലയിൽ നിന്നാണെന്നതും കേസിൽ അതിജീവിത സ്വീകരിച്ച ശക്തമായ നിലപാടുകളുമെല്ലാം കാരണം വിഷയം ദേശീയതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ടു.

മലയാള സിനിമാമേഖലയിൽ വിമെൻ ഇൻ സിനിമ കളക്ടീവ് എന്ന വനിതാ കൂട്ടായ്മയുടെ രൂപവത്കരണത്തിന് കാരണമായതും നടിക്കുനേരേയുണ്ടായ ഈ അതിക്രമമാണ്. സിനിമാമേഖലയിലെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് റിപ്പോർട്ട് നൽകാൻ സർക്കാർ പിന്നീട് ഹേമ കമ്മിറ്റിയെ നിയമിച്ചു.

2018–ലാണ് കേസ് വിചാരണ തുടങ്ങിയത്. കോവിഡ് ലോക്ഡൗൺമൂലം രണ്ടുവർഷത്തോളം വിചാരണ തടസ്സപ്പെട്ടു. വിചാരണ പൂർത്തിയാക്കാൻ സുപ്രീംകോടതി നൽകിയ സമയപരിധിയൊന്നും പാലിക്കാൻ കഴിഞ്ഞില്ല. അതിജീവിത ആക്രമിക്കപ്പെട്ട ദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡ് കസ്റ്റഡിയിലിരിക്കേ തുറന്നുപരിശോധിക്കപ്പെട്ടതും വിവാദമായി.

കേസിൽ മുൻപ് രണ്ട് പ്രോസിക്യൂട്ടർമാർ രാജിവെച്ചിരുന്നു. പിന്നീട് നിയമിക്കപ്പെട്ട സ്പെഷ്യൽ പ്രോസിക്യൂട്ടർ വി.അജയകുമാറാണ് സാക്ഷി വിസ്താരം പൂർത്തിയാക്കിയത്.

പ്രോസിക്യൂഷൻ സാക്ഷികളുടെ വിസ്താരം കഴിഞ്ഞ വർഷം സെപ്റ്റംബറിൽ പൂർത്തിയായതാണ്. അന്വേഷണ ഉദ്യോഗസ്ഥനായ ബൈജു പൗലോസിനെയാണ് അവസാനം വിസ്തരിച്ചത്. തുടർന്ന് പ്രതിഭാഗം സാക്ഷികളുടെ വിസ്താരം പൂർത്തിയാക്കി. ഈ വർഷം ആദ്യത്തോടെ വിധി പ്രസ്താവിക്കുമെന്ന് കരുതപ്പെട്ട കേസിലാണ് ഇന്ന് വിധി പ്രസ്താവിച്ചിരിക്കുന്നത്.

'അവൾക്കൊപ്പം'; അതിജീവിതക്ക് പിന്തുണ അറിയിച്ച് WCC അംഗങ്ങൾ

കൊച്ചി: നടിയെ അക്രമിച്ച സംഭവത്തിൽ ദിലീപിനെ കോടതി കുറ്റവിമുക്തനാക്കിയതിനെ തുടർന്ന് പ്രതികരണവുമായി റീമ കല്ലിങ്കൽ, രമ്യ നമ്പീശൻ, പാർവതി തിരുവോത്ത് എന്നിവർ രംഗത്ത്. ദിലീപ് എട്ടാം പ്രതിയായ കേസിൽ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിധി പ്രസ്താവിച്ചത്. 2017–ൽ സംഭവസമയത്ത് നടിക്ക് പിന്തുണയേകി റീമ ഉയർത്തിയ 'അവൾക്കൊപ്പം' എന്ന ബാനർ ഉയർത്തിയ ഫോട്ടോയാണ് റീമ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചത്.

റീമ കല്ലിങ്കൽ ചിത്രം പങ്കുവെച്ച് ഉടൻതന്നെ രമ്യ നമ്പീശനും ഇൻസ്റ്റഗ്രാമിൽ നടിയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രംഗത്തെത്തി. അവൾക്കൊപ്പം എന്ന ചിത്രം തന്നെയാണ് രമ്യയും പങ്കുവെച്ചത്. കേസിന്റെ വിധി പറയുന്നതിന് മണിക്കൂറുകൾക്ക് മുൻപ്, ഇരുവരും കേസിന്റെ നാൾവഴികളെ ഒർത്തുകൊണ്ടുള്ള കുറിപ്പ് പങ്കുവെച്ചിരുന്നു. പാർവതി തിരുവോത്തും ഇൻസ്റ്റഗ്രാമിൽ നടിക്ക് പിന്തുണ അറിയിച്ചു. മികച്ച രീതിയിൽ എഴുതിയ ഒരു തിരക്കഥ ക്രൂരമായ രീതിയിൽ ചുരുളഴിയുന്നതാണ് ദൃശ്യമായതെന്നും പാർവതി തിരുവോത്ത് കുറിച്ചു.

നടിയെ അക്രമിച്ച് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയെന്ന കേസിൽ എട്ടുവർഷത്തിനുശേഷമാണ് വിധി വരുന്നത്. കേസുമായി ബന്ധപ്പെട്ട ഗൂഢാലോചന നടത്തിയെന്ന കുറ്റം ചുമത്തിയാണ് ദിലീപിനെ കേസിൽ പ്രതി ചേർത്തത്. 2018 മാർച്ച് എട്ടിന് വിചാരണ ആരംഭിച്ച കേസിൽ അതിജീവിത ആവശ്യപ്പെട്ടതനുസരിച്ച് വനിതാജഡ്ജിയെ നിയമിച്ച് രഹസ്യവിചാരണയാണ് നടന്നത്.

നടിയെ ആക്രമിച്ച കേസ്: വിധിക്കെതിരെ അപ്പീൽ പോകുമെന്ന് നിയമമന്ത്രി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ദിലീപ് ഉൾപ്പടെയുള്ള പ്രതികളെ വെറുതെ വിട്ടതിനെതിരെ അപ്പീൽ പോകുമെന്ന് നിയമമന്ത്രി പി.രാജീവ്. ഇക്കാര്യം മുഖ്യമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും അപ്പീൽ നൽകാനാണ് നിർദേശിച്ചത്. ഡി.ജി.പിയുമായും ഇക്കാര്യം സംസാരിച്ചുവെന്ന് മന്ത്രി രാജീവ് പറഞ്ഞു.

കേസിൽ പ്രോസിക്യൂഷൻ ഭാഗിക വിജയം നേടി. പൂർണമായ വിജയത്തിന് വേണ്ടിയാവും അപ്പീൽ പോകുകയെന്നും രാജീവ് പറഞ്ഞു. സർക്കാർ അതിജീവിതക്കൊപ്പം ഉറച്ച് നിൽക്കും. കേസിൽ അന്വേഷണ സംഘത്തിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിരുന്നു. നല്ല രീതിയിലാണ് അന്വേഷണം നടന്നത്. എന്നിട്ടും എന്തുകൊണ്ടാണ് പ്രതികൂല വിധിയുണ്ടായതെന്ന് പരിശോധിക്കും. വിധിപകർപ്പ് ലഭിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാനാവുവെന്നും പി.രാജീവ് പറഞ്ഞു.

നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപ് കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള വിധിയാണ്. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ നിന്ന് ഇന്ന് പുറത്ത് വന്നത്. കേസിൽ 1മുതൽ 6 വരെ പ്രതികൾ കുറ്റക്കാരാണെന്നും കോടതി കണ്ടെത്തി. പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി എം വർഗീസാണ് കേസിന്റെ വിധി പറഞ്ഞത്. ഒന്ന് മുതൽ ആറ് പ്രതികളുടെ ശിക്ഷ ഡിസംബർ 12ന് പ്രഖ്യാപിക്കും.

എൻ.എസ് സുനിൽ(പൾസർ സുനി), മാർട്ടിൻ ആന്റണി, ബി.മണികണ്ഠൻ, വി.പി.വിജീഷ്, എച്ച്.സലിം, പ്രദീപ് എന്നിവരെയാണ് കോടതി ശിക്ഷിച്ചത്. ദിലീപ് കുറ്റകൃത്യത്തിൽ പ?ങ്കെടുത്തതിന് തെളിവില്ലെന്ന് കോടതി നിരീക്ഷിച്ചു.

കേസിന് പിന്നിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥയും ക്രിമിനൽ പോലീസ് സംഘവും'; ഗുരുതര ആരോപണവുമായി ദിലീപ്

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ കുറ്റവിമുക്തനാക്കപ്പെട്ടതിന് പിന്നാലെ നടി മഞ്ജു വാര്യർക്കും പോലീസിനുമെതിരേ ഗുരുതര ആരോപണവുമായി നടൻ ദിലീപ്. കേസിൽ യഥാർഥ ഗൂഢാലോചന നടന്നത്തനിക്കെതിരേയാണെന്ന് ദിലീപ് കോടതിക്ക് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. മഞ്ജുവിന്റെ പ്രതികരണത്തിന് പിന്നാലെയാണ് തനിക്കെതിരേ ഗൂഢാലോചന ആരംഭിച്ചത്. അതിന് അന്നത്തെ ഉയർന്ന ഉദ്യോഗസ്ഥയും 'ക്രിമിനൽ' പോലീസ് സംഘവും ചേർന്ന് കേസിൽ തന്നെ പെടുത്തുകയായിരുന്നുവെന്നും ദിലീപ് മാധ്യമങ്ങളോട് പറഞ്ഞു.

'കേസിലെ ക്രിമിനൽ ഗൂഢാലോചന ഉണ്ട്, ആ ക്രിമിനൽ ഗൂഢാലോചന അന്വേഷിക്കണമെന്ന് മഞ്ജു പറഞ്ഞിടത്തു നിന്നാണ് എനിക്കെതിരെയുള്ള ഗൂഢാലോചന ആരംഭിച്ചത്. അതിന് അന്നത്തെ ഉയർന്ന ഒരു മേലുദ്യോഗസ്ഥയും അവർ തിരഞ്ഞെടുത്ത ഒരു സംഘം ക്രിമിനൽ പോലീസുകാരും ചേർന്നാണ് ഇങ്ങനെ ഒരു നടപടി ഉണ്ടാക്കിയത്. അതിനായി കേസിലെ മുഖ്യപ്രതിയെ കൂട്ടുപിടിച്ച് ജയിലിൽ ഉണ്ടായിരുന്ന കൂട്ടുപ്രതികളെയും കൂട്ടുപിടിച്ചിട്ട് പോലീസ് സംഘം ഒരു കള്ളക്കഥ മെനഞ്ഞെടുക്കുകയാണ് ചെയ്തത്. എന്നിട്ട് പോലീസ് സംഘം അവർക്ക് ഒത്താശ ചെയ്തു കൊടുക്കുന്ന ചില മാധ്യമ പ്രവർത്തകരെയും കൂട്ടുപിടിച്ച് കള്ളക്കഥ സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു', എന്നായിരുന്നു ദിലീപിന്റെ വാക്കുകൾ.

'ഇന്ന് കോടതിയിൽ പോലീസ് സംഘം ഉണ്ടാക്കിയ കള്ളക്കഥ തകരുകയാണ് ചെയ്തത്. കേസിൽ യഥാർഥ ഗൂഢാലോചനയെന്ന് പറയുന്നത് എന്നെ പ്രതിയാക്കാനാണ്. എന്റെ കരിയറും ഇമേജും ജീവിതവും നശിപ്പിക്കാൻ വേണ്ടി ചെയ്തതാണ്', ദിലീപ് കൂട്ടിച്ചേർത്തു.

നടിയെ ആക്രമിച്ച സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന് ആദ്യം പ്രതികരിച്ചവരിൽ ഒരാൾ നടി മഞ്ജു വാര്യരായിരുന്നു. സംഭവം നടന്നതിന്റെ പിറ്റേന്ന് നടിക്ക് പിന്തുണയർപ്പിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച പൊതുയോഗത്തിലാണ് മഞ്ജു വാര്യർ ഗൂഢാലോചനയുണ്ടെന്ന് ആദ്യം പറഞ്ഞത്. നടൻ ദിലീപും ഇതേ വേദിയിലുണ്ടായിരുന്നു.

ഇവിടെ ഇരിക്കുന്ന പലരെയും, ഞാനടക്കമുള്ള പലരെയും പല അർധരാത്രികളിലും അസമയങ്ങളിലും ഞങ്ങളുടെ വീടുകളിൽ സുരക്ഷിതരായി കൊണ്ടാക്കിയ ഡ്രൈവർമാരുണ്ട്. അതുകൊണ്ട് എല്ലാ സഹപ്രവർത്തകരെയും അങ്ങനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. പക്ഷേ, ഇതിന് പിന്നിൽ നടന്നിരിക്കുന്നത് ക്രിമിനൽ ഗൂഢാലോചനയാണ്. ഈ ഗൂഢാലോചന

യ്ക്ക് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് അങ്ങേയറ്റം പൂർണമായ പിന്തുണ നൽകുക എന്നതാണ് നമുക്കിവിടെ ചെയ്യാൻ സാധിക്കുക. അതു മാത്രമല്ല, ഒരു സ്ത്രീക്ക് വീടിന് അകത്തും പുറത്തും അവൾ പുരുഷന് നൽകുന്ന ബഹുമാനം അതേ അളവിൽ തിരിച്ചുകിട്ടാനുള്ള അർഹതയുണ്ട്. ആ ഒരു സന്ദേശമാണ് ഞാനിവിടെ എല്ലാവരെയും അറിയിക്കാൻ ആഗ്രഹിക്കുന്നത്', അന്ന് മഞ്ജു പറഞ്ഞു.

നടിയെ ആക്രമിച്ച കേസിൽ ഒന്നാം പ്രതിയായ പൾസർ സുനി അറസ്റ്റിലായതിന് പിന്നാലെയും മഞ്ജു വാര്യർ ഇക്കാര്യം ആവർത്തിച്ചു. 2017 ഫെബ്രുവരി 23–ന് പൾസർ സുനി അറസ്റ്റിലായതിന് പിന്നാലെ മഞ്ജു വാര്യർ 'മാതൃഭൂമി ന്യൂസി'നോട് പറഞ്ഞത് ഇങ്ങനെ:–"മുഖ്യപ്രതിയെ പിടിക്കാൻ സാധിച്ചത് വലിയ കാര്യം തന്നെയാണ്. അതിന് കേരള പോലീസിന് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് ഒരിക്കലും വളരെ യാദൃച്ഛികമായി നടന്ന ഒരു കാര്യമാണെന്ന് ആർക്കും തോന്നുന്നില്ല. വളരെ ആസൂത്രിതമായി നടന്ന കുറ്റകൃത്യം തന്നെയാണ്. അങ്ങനെയാണ് ഞാനും നിങ്ങളെല്ലാവരും മനസിലാക്കിയത്. ഇതിൽ കൂടുതൽ അന്വേഷണം നടന്ന് എല്ലാ സത്യങ്ങളും പുറത്തുവരുമെന്ന പൂർണവിശ്വാസം എനിക്കുണ്ട്. ഞങ്ങളും നിങ്ങളെപ്പോലെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്'.

ഗൂഢാലോചന നടത്തിയത് ആരെന്ന് എല്ലാവർക്കുമറിയാം, അതിജീവിതക്ക് നീതികിട്ടാൻ ഏതറ്റം വരെയും പോകും –എം.വി. ഗോവിന്ദൻ

തിരു : നടിയെ ആക്രമിച്ച കേസിൽ ഗൂഢാലോചന നടത്തിയത് ആരാണെന്ന് എല്ലാവർക്കുമറിയാമെന്നും അതിജീവിതക്ക് നീതികിട്ടാൻ ഏതറ്റം വരെയും പോകുമെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പൊലീസ് കൃത്യമായ രീതിയിലാണ് അന്വേഷണം നടത്തിയത്. കുറച്ചുപേർ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി, എന്നാൽ ആരാണിതിന്റെ ഗുണഭോക്താവ് എന്ന് തെളിയിക്കപ്പെട്ടില്ലെന്ന് പറയുന്നു. സുപ്രീംകോടതി വരെ പോയാലും സർക്കാർ അതിജീവിതക്കൊപ്പം നിൽക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

"ഭൂരിപക്ഷം പേരും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരിക്കുന്നു. എന്നാൽ ഇത് കുറച്ചാളുകൾ ചേർന്ന് പെട്ടെന്ന് നടത്തിയ ആക്രമണമല്ല. ഗൂഢാലോചന നടത്തിയത് ആരാണെന്ന് എല്ലാവർക്കുമറിയാം. പക്ഷേ ഗൂഢാലോചന നടത്തിയത് തെളിയിക്കപ്പെട്ടില്ലെന്നാണ് കോടതി കണ്ടെത്തിയത്. പൊലീസ് കൃത്യമായ രീതിയിലാണ് അന്വേഷണം നടത്തിയത്. കുറച്ചുപേർ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി, എന്നാൽ ആരാണിതിന്റെ ഗുണഭോക്താവ് എന്ന് തെളിയിക്കപ്പെട്ടില്ലെന്ന് പറയുന്നു.

അതിജീവിതക്കൊപ്പമാണ് സർക്കാർ, ഇന്നേവരെയുള്ള നിലപാട് അതുതന്നെയാണ്. അതിജീവിത വിധിയിൽ തൃപ്തയല്ല, പാർട്ടി അവർക്കൊപ്പമാണ്. സ്വാഭാവികമായും അടുത്ത കോടതിയിലേക്ക് പോകേണ്ടിവരും. പ്രോസിക്യൂഷൻ അപ്പീൽ നൽകും. നീതിക്കുവേണ്ടി ഏതറ്റം വരെയും പോകും. കുറ്റക്കാർ ആരായിരുന്നാലും സംരക്ഷിക്കപ്പെടില്ല. സുപ്രീംകോടതി വരെ പോയാലും സർക്കാർ അതിജീവിതക്കൊപ്പം നിൽക്കും. ഗൂഢാലോചന തെളിയിക്കപ്പെടണമെന്നും കുറ്റക്കാർ ശിക്ഷിക്കപ്പെടണമെന്നും കേരള സമൂഹം ഒന്നാകെ ആഗ്രഹിക്കുന്നുണ്ട്" –എം.വി. ഗോവിന്ദൻ പറഞ്ഞു.

നേരത്തെ കേസിൽ കുറ്റവിമുക്തനാക്കപ്പെട്ട് കോടതിയിൽനിന്ന് മടങ്ങുന്നതിനിടെ നടൻ ദിലീപ് മാധ്യമങ്ങളോട് പ്രതികരിച്ചു. ഗൂഢാലോചന നടന്നത് തനിക്കെതിരെയാണെന്നും പൊലീസ് പ്രതികളെ കൂട്ടുപിടിച്ച് കള്ളക്കഥ മെനഞ്ഞെന്നും ദിലീപ് പറഞ്ഞു. മുൻഭാര്യ മഞ്ജു വാര്യരുടെ പരാമർശത്തോടെയാണ് ഗൂഢാലോചനയെന്ന് വാർത്തവന്നത്. ചില മാധ്യമപ്രവർത്തകർ കൂട്ടുനിന്നു. കോടതിയിൽ ആ കള്ളക്കഥ തകർന്നു. തന്നെ പിന്തുണച്ച എല്ലാവരെയും നന്ദി അറിയിക്കുന്നുവെന്നും ദിലീപ് പറഞ്ഞു. കേസിൽ പ്രതിചേർത്ത പത്തിൽ ആറ് പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. ദിലീപ് ഉൾപ്പെടെ നാല് പേരെ കുറ്റവിമുക്തരാക്കി.

തന്നെ പ്രതിയാക്കാനാണ് യഥാർഥത്തിൽ ഗൂഢാലോചന നടന്നത്. എന്റെ കരിയർ, ഇമേജ്, ജീവിതം തകർക്കാൻ വേണ്ടിയാണത് ചെയ്തത്. എന്റെ കൂടെനിന്ന കുടുംബങ്ങളോടും സുഹൃത്തുക്കളോടും എനിക്കുവേണ്ടി പ്രാർഥിച്ചവരോടും നന്ദി പറയുകയാണ്. ഒമ്പതു വർഷമായി എനിക്കുവേണ്ടി വാദിച്ച അഭിഭാഷകരോടും പിന്തുണച്ച എല്ലാവരോടും നന്ദി പറയുകയാണ്" –ദിലീപ് പറഞ്ഞു.

എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി.എം വർഗീസാണ് കേസിൽ വിധി പ്രസ്താവിച്ചത്. ഒന്ന് മുതൽ ആറ് വരെയുള്ള പ്രതികളുടെ ശിക്ഷ ഡിസംബർ 12ന് പ്രഖ്യാപിക്കും.

ശാന്തനായി കോടതിയിലേക്ക്, ആശ്വാസത്തോടെ മടക്കം

കൊച്ചി: കേരളം ഏറെ ആകാംക്ഷയോടെ കാത്തിരുന്ന വിധി. മറ്റ് പ്രതികളുടെ ശിക്ഷാവിധിയേക്കാൾ ആകാംക്ഷ എട്ടാം പ്രതിയായ നടൻ ദിലീപിനെ കാത്തിരിക്കുന്ന കോടതി വിധിയായിരുന്നു. ദിലീപ് ശിക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുകയും അതിനായി വാദിക്കുകയും ചെയ്തവർ ഒരു വശത്തും തങ്ങളുടെ പ്രിയതാരം തെറ്റ് ചെയ്തിട്ടില്ലെന്ന് വിശ്വസിക്കുകയും ന്യായീകരിക്കുകയും ചെയ്ത മറുവിഭാഗവും വിധിയ്ക്കായി കാത്തിരുന്നു. ഇന്ന് രാവിലെ മുതൽ തന്നെ മാധ്യമങ്ങളുൾപ്പെടെയുള്ളവരുടെ ശ്രദ്ധാകേന്ദ്രം ദിലീപായിരുന്നു. ദിലീപ് ആലുവയിലെ വീട്ടിലുണ്ടോ മറ്റെവിടെയെങ്കിലുമാണോ എന്നുള്ള തേടലിലായിരുന്നു എല്ലാവരും.

എന്നാൽ അഭ്യൂഹങ്ങൾ അവസാനിപ്പിച്ചുകൊണ്ട് രാവിലെ ഒൻപതരയോടെ നടൻ സഹോദരൻ അനൂപും സുഹൃത്തും കേസിലെ പത്താംപ്രതിയുമായ ശരത്തിനൊപ്പം വീട്ടിൽ നിന്ന് കോടതിയിലേക്ക് ദിലീപ് പുറപ്പെട്ടുവെന്ന വാർത്ത വന്നു. കോടതിയിലേക്ക് തിരിച്ച ദിലീപിനെ പിന്തുടർന്ന് മാധ്യമങ്ങളും കോടതിയിലേക്ക്. കോടതിയിലെത്തുന്നതിനുമുൻപ് അഭിഭാഷകന്റെ ഓഫീസിലിറങ്ങിയ ദിലീപ് കോടതി ആരംഭിക്കുന്നതിന് പതിനഞ്ച് മിനിറ്റുകൾക്ക് മുൻപ് തന്നെ കോടതിയിലെത്തി.

ശുഭ്രവസ്ത്രം ധരിച്ച് വിധിയറിയാനെത്തിയ ദിലീപ് ശാന്തനായാണ് കാണപ്പെട്ടത്. എന്തുതന്നെയായാലും താനതിനെ സ്വീകരിക്കുമെന്ന നിലപാട് മുഖത്ത് വരുത്താൻ നടൻ നേരത്തെ ഉദ്ദേശിച്ചുറപ്പിച്ച മട്ടായിരുന്നു. കോടതി ആരംഭിച്ച് നിമിഷങ്ങൾക്കുള്ളിൽ തന്നെ ആദ്യ ആറ് പ്രതികൾ കുറ്റക്കാരാണെന്ന് പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസ് വിധി പറഞ്ഞു, പിന്നാലെ തന്നെ ബാക്കിയുള്ള പ്രതികളെ വെറുതെ വിട്ടുവെന്നുള്ള വിധിയും. തന്നെ കാത്തിരിക്കുന്ന നൂറ് കണക്കിന് ആരാധകർക്കും മാധ്യമപ്രവർത്തകർക്കും ഇടയിലേക്ക് ദിലീപിറങ്ങി വന്നു.

ജെസിബി തട്ടി വീട്ടമ്മക്ക് ദാരുണാന്ത്യം

കുന്നംകുളം: ഗുരുവായൂർ പുത്തൻപള്ളിയിൽ ജെസിബിയും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ റോഡരികിൽ ബസ് കാത്ത് നിന്നിരുന്ന വീട്ടമ്മ മരിച്ചു. പുത്തൻപള്ളി സ്വദേശി ഗിരിജയാണ് മരിച്ചത്. ലോറിയുമായി കൂട്ടിയിടിച്ച ജെസിബി പെട്ടന്ന് തിരിയുകയും, ജെസിബിയുടെ ഒരു ഭാഗം റോഡരികിൽ നിന്നിരുന്ന വീട്ടമ്മയുടെ ദേഹത്ത് ഇടിക്കുകയുമായിരുന്നു.

യുവതിയെ വിടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി

മണലൂർ: യുവതിയെ വിടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി.കാരമുക്ക് ഐടിഐ റോഡിൽ പുത്തൻപുരയ്ക്കൽ സലീഷ് ഭാര്യനീതു(34) ആണ് .താഴെ ബെഡിൽമേൽ മരിച്ചു കിടക്കുന്ന നിലയിൽ കണ്ടെത്തിയത്. കാഞ്ഞാണി ജനത സിൽക്ക്സ് ജീവനക്കാരിയാണ്. പോലീസെത്തി നടപടികൾ സ്വീകരിച്ചുവരുന്നു.കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല മക്കൾ വൈഗ,വേദ

'കരഞ്ഞ് കാലുപിടിച്ചിട്ടും ബലാത്സംഗം ചെയ്തു'; മാങ്കൂട്ടത്തിലിനെതിരായ രണ്ടാമത്തെ കേസിൽ മൊഴി രേഖപ്പെടുത്തി

തിരു : രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരായ രണ്ടാമത്തെ ബലാത്സംഗ കേസിൽ പരാതിക്കാരി മൊഴി നൽകി. എസ് പി പുങ്കുഴലിയാണ് മൊഴി രേഖപ്പെടുത്തിയത്. രക്ഷപ്പെടാൻ കരഞ്ഞ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കൊട്ടേക്കാട് ഇടവക 1,025 ാം വാർഷികാഘോഷം

പ്രതിസന്ധികളെ നേരിടാൻ പ്രത്യാശയുടെ തീർത്ഥാടകരാകണം: മാർ റാഫേൽ തട്ടിൽ

കൊട്ടേക്കാട്: പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കെൽപും കുരിശു വഹിക്കാനുള്ള കരുത്തും ആർജിക്കണമെങ്കിൽ ദൈവപരിപാലനയിൽ അടിയുറച്ചുകൊണ്ട് പ്രത്യാശയുടെ തീർത്ഥാടകരാകണമെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ. കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളിയുടെ സഹസ്രാബ്ദ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയ്ക്കിടെ നൽകിയ സന്ദേശത്തിലാണ് മാർ തട്ടിൽ ഇങ്ങനെ പറഞ്ഞത്.

സ്നേഹത്തിന്റെ സന്ദേശമാണു ക്രൈസ്തവർ സമൂഹത്തിനു നൽകേണ്ടതെന്ന് സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫ് ഇടവകയുടെ 1,025 ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കവേ അഭിപ്രായപ്പെട്ടു. ഭിന്നതകളും കലഹങ്ങളുമല്ല ചേർത്തുനിർത്തലുകളും കൂട്ടായ്മകളുമാണു ക്രൈസ്തവ സംസ്കാരമെന്നും അദ്ദേഹം പറഞ്ഞു.

സഹസ്രാബ്ദ രജത ജൂബിലിയോടനുബന്ധിച്ചു ദേവാലയത്തിനു പിറകിൽ സ്ഥാപിച്ച കുരിശടിയുടെ കൂദാശാകർമവും ഇടവക ഡയറക്ടറിയുടെ പ്രകാശനവും മാർ റാഫേൽ തട്ടിൽ നിർവഹിച്ചു.

തൃശൂർ അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷത വഹിച്ചു. പള്ളി വികാരി ഫാ. ഫ്രാങ്കോ കവലക്കാട്ട്, മുൻവികാരിയും സാന്ത്വനം ഡയറക്ടറുമായ ഫാ. ജോജു ആളൂർ, ഇടവക വൈദിക പ്രതിനിധി ഫാ. ജോസ് ചാലയ്ക്കൽ, അസിസ്റ്റന്റ് വികാരി ഫാ. മിഥുൻ ചുങ്കത്ത്, ട്രസ്റ്റി ഡേവിസ് കാഞ്ഞിരപറമ്പിൽ, കേന്ദ്ര സമിതി കൺവീനർ ജയിംസ് കാഞ്ഞിരപറമ്പിൽ, ജനറൽ കൺവീനർ വിനേഷ് കോളേങ്ങാടൻ, ഫ്രാങ്കോ ലൂയിസ്, ഡയറക്ടറി കൺവീനർ വർഗീസ് കോനിക്കര, പി.എ. ലോനപ്പൻ എന്നിവർ പ്രസംഗിച്ചു.

ജൂബിലിയോടനുബന്ധിച്ചു നടന്ന 40 മണിക്കൂർ ആരാധനയ്ക്കിടെ തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ സന്ദേശം നൽകി. ട്രസ്റ്റിമാരായ ഡേവിസ് കാഞ്ഞിരപറമ്പിൽ, ജോൺസൺ മുരിയാടൻ, സി.പപി. ജോസഫ്, പോൾ കോങ്കോത്ത്, ജോയിന്റ് ജനറൽ കൺവീനർ സി.എൽ. ഇഗ്നേഷ്യസ്, ഫ്രാൻസിസ് ഇമ്മട്ടി, കെ.ജി. ഫ്രാൻസിസ്, മാതൃവേദി പ്രസിഡന്റ് റെജി ജോഷി, സ്നേഹനിധി പ്രസിഡന്റ് ജെസി പോൾ തുടങ്ങിയവർ നേതൃത്വം നൽകി.

യോഗ പ്രകൃതി ചികിത്സയ്ക്ക് സെൻട്രൽ രജിസ്ട്രേഷൻ ഏർപ്പെടുത്തണം

കലൂർ: യോഗ പ്രകൃതിചികിത്സാ ഡോക്ടർമാർക്ക് കേന്ദ്ര സർക്കാർ ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ഇതര ചികിത്സാവിഭാഗം ഡോക്ടർമാർക്ക് തുല്യമായി സെൻട്രൽ രജിസ്ട്രേഷൻ ഏർപ്പെടുത്തണമെന്നും നാഷണൽ കമ്മീഷൻ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ ഉൾപ്പെടുത്തണം എന്നും ആവശ്യപ്പെട്ട് ഇൻഡ്യൻ നാച്ചുറോപ്പതി ആൻറ് യോഗ ഗ്രാഡുവേറ്റ്സ് മെഡിക്കൽ അസ്സോസിയേഷൻ (ഇനിഗ്മ) കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ യോഗ പ്രകൃതിചികിത്സാ ഡോക്ടർമാർ എറണാകുളം കലൂർ പോസ്റ്റ് ഓഫീസിലേയ്ക്ക് പ്രകടനം നടത്തി.

തുടർന്ന് ഇനിഗ്മ മുൻ പ്രസിഡണ്ട് ഡോ. ഷിംജി പി. നായരുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് യോഗ പകൃതി ചികിത്സയോടുള്ള ഉദ്യോഗസ്ഥ അവഗണന ഇനിയും തുടരാൻ അനുവദിക്കാനാകില്ല എന്നും എത്രയും വേഗം നാഷണൽ കമ്മീഷൻ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ യോഗ പ്രകൃതിചികിത്സയെ ഉൾപെടുത്തി ഡോക്ടർമാർക്ക് സെൻട്രൽ രജിസ്ട്രേഷൻ ഏർപ്പെടുത്തണം എന്നും വർക്കല ഗവ. യോഗപ്രകൃതിചികിത്സാ ആശുപത്രി മുൻ സി.എം.ഒയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചുറോപ്പതി മുൻ ഡയറക്ടറുമായിരുന്ന ഡോ. ബാബു ജോസഫ് ആവശ്യപ്പെട്ടു.

ഡോ. മനു പ്രതീഷ്, ഡോ. അഭിരാമി പ്രകാശ്, ഡോ.അഞ്ജലി, ഡോ. ആനന്ദ് പി.ജി. ഡോ. ആൻസ്മോൾ വർഗീസ്, ഡോ. ഓംനാഥ് എന്നിവർ പ്രസംഗിച്ചു.

തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റിക്ക് കേരള ഹൈക്കോടതിയുടെ മികച്ച നിയമ സേവന അതോറിറ്റി പുരസ്ക്കാരം

എറണാകുളം : സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ 2025 -ലെ മികച്ച ജില്ലാ നിയമ സേവന അതോറിറ്റി പുരസ്കാരം ജില്ലാ നിയമ സേവന അതോറിറ്റി തൃശ്ശൂരിന്. ഗോത്രവർദ്ധൻ, സംവാദ, reconecting youth, നിലാവ്, സാമാന്യയാ തുടങ്ങിയ സ്കീമുകൾ സാധാരണക്കാരിലേക്കു എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചതിനും, ജില്ലയിൽ നിയമസാക്ഷരത എല്ലാവരിലേക്കും എത്തിക്കാൻ നടത്തിവന്നിരുന്ന നിയമബോധന ക്ലാസ്സുകളുമാണ് ജില്ലാ നിയമ സേവന അതോറ്റിയെ ഈ പുരസ്കാര നിറവിലെത്തിച്ചത്. എറണാകുളത്ത് നടന്ന സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ വാർഷിക സ മ്മേളനത്തിൽ വച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാമ്ദാർ നിന്ന് ജില്ലാ നിയമ സേവന അതോറിറ്റി ചെയർമാൻ തൃശൂർ പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് പി. പി. സൈദലവി, ഡിസ്ട്രിക്റ്റ് ലീഗൽ സർവിസിസ് സെക്രട്ടറി /സബ്ജഡ്ജ് സരിത രവീന്ദ്രൻ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

കൂടാതെ ഏറ്റവും നല്ല മീഡിയേറ്റർക്കുള്ള അവാർഡ് അഡ്വ. ഗിരീന്ദ്രബാബു മീഡിയേറ്റർ തൃശൂർ, സ്വന്തമാക്കി. Best mediation സെന്റർ ആയി തൃശൂർ mediation സെന്ററിനെയും തിരഞ്ഞെടുത്തു.

തലചായ്ക്കാനൊരിടം പദ്ധതി താക്കോൽദാനം നാളെ

കാഞ്ഞാണി: മണലൂർ സേവാഭാരതി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി സഹകരിച്ച് തലചായ്ക്കാനൊരിടം പദ്ധതി പ്രകാരംകാരമുക്കിലെ പാവപ്പെട്ട കുടുംബത്തിന് അന്തിയുറങ്ങാൻ വീടൊരുക്കി നൽകുന്നതിന്റെ സമർപ്പണവും വീടിന്റെ താക്കോൽ ദാനവുംനാളെ രാവിലെ 9.30ന്

എഞ്ചി. വിദ്യാർത്ഥി തുങ്ങിമരിച്ചു

തൃശൂർ: ഗവ.എൻജീനിയറിംഗ് കോളേജ് വിദ്യാർത്ഥിയെ ഹോസ്റ്റലിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കോഴിക്കോട് സ്വദേശി കോട്ടായി വീട്ടിൽ അക്ഷയ് (22) ആണ് മരിച്ചത്.

കെ. ടി. കൃഷ്ണവാര്യർ സ്മൃതിപുരസ്കാരം കെ. വി. രാമകൃഷ്ണന് സമ്മാനിച്ചു

തൃശൂർ:കവി കെ. ടി. കൃഷ്ണവാര്യരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 3-ാമത് സ്മൃതി പുരസ്കാരം കെ. വി. രാമകൃഷ്ണന് സമ്മാനിച്ചു. കവിയുടെ 3-ാം ചരമദിനത്തോടനുബന്ധിച്ച് രാമകൃഷ്ണന്റെ വസതിയിൽ കുടുംബാങ്കങ്ങളുടെ സാന്നിധ്യത്തിൽ നടന്ന ലളിതമായ ചടങ്ങിൽ കവിപത്നി ജയശ്രീ വാരിയർ പുരസ്കാരം സമ്മാനിച്ചു.

രാമകൃഷ്ണൻ മലയാള സാഹിത്യത്തിന് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ചാണ് 30000 രൂപയും പ്രശസ്തിഫലകവും അടങ്ങുന്ന പുരസ്കാരം നൽകിയത്. പ്രഥമ പുരസ്കാരം കവി എൻ. കെ. ദേശത്തിനും, രണ്ടാമത്തെ പുരസ്കാരം ഡോ. എം. ലീലാവതിയ്ക്കുമാണ് നൽകിയത്.

കേരള സാഹിത്യ അക്കാദമി അവാർഡുനേടിയ 'അക്ഷരവിദ്യ', കനക ശ്രീ അവാർഡുനേടിയ 'കൊട്ടും ചിരിയും', കക്കാട് അവാർഡും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാഹിത്യപുരസ്കാരവും മൂടാടി ദാമോദരൻ അവാർഡും നേടിയ'രാജശില്പി' എന്നിവയ്ക്കു പുറമെ, 'വരണ്ട ഗംഗ', 'അഗ്നിശുദ്ധി', 'കെടാവിളക്ക്', 'നാഴികവട്ട', 'ചതുരംഗം', 'പുതിയ സാരഥി' മുതലായവയാണ് രാമകൃഷ്ണന്റെ മുഖ്യകവിതാസമാഹാരങ്ങൾ. 'കവിതയും താളവും', 'കാവ്യചിന്തകൾ ' തുടങ്ങിയവ ലേഖനസമാഹാരങ്ങൾ. 'കനൽചുവടുകൾ' അദ്ദേഹത്തിന്റെ ആത്മകഥ.

NHRACF ന്റെ സംസ്ഥാന സമ്മേളനം



കൊച്ചി: വർഷം തോറും നടത്തിവരാറുള്ള NHRACF ന്റെ സംസ്ഥാന സമ്മേളനം ഈ വർഷവും എറണാകുളം ജില്ലയിലെ കളമശ്ശേരി പത്തടിപ്പാലത്തുള്ള പി.ഡബ്ലി.ഡി ആഡിറ്റോറിയത്തിൽ വെച്ചു നടന്നു. NHRACF നേഷണൽ ഡയറക്ടർ അഡ്വ: ജോഷി പാച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗം റിട്ട: ഹൈക്കോടതി ജഡ്ജിയും, സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ ക്ഷേമ കമ്മീഷൻ ചെയർമാനുമായ ജസ്റ്റിസ് ഗോപിനാഥൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കൊച്ചി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ (നാർക്കോട്ടിക് വിംഗ്) അബ്ദുൾ സലാം മുഖ്യാതിഥി ആയിരുന്നു. ചെയർമാൻ അഡ്വ:ഡോ: കെ.വിജയരാഘവൻ മുഖ്യ പ്രഭാഷണം നടത്തി. ഡയറക്ടറും, ജനറൽ സെക്രട്ടറിയുമായ ദാമോദരൻ ഏറനാട്ട് സംഘടനാ റിപ്പോർട്ടും, ദേശിയ വൈസ് പ്രസിഡണ്ട് അഡ്വ: മാത്തൂർ സുരേഷ് സംഘടനാ കാര്യങ്ങളെ കുറിച്ചും യോഗത്തിൽ വിശദീകരിച്ചു സംസാരിച്ചു.

ചടങ്ങിൽ കൊച്ചിൻ പ്രസ്സ് ക്ലബ്ബ് സെക്രട്ടറിയും അറിയപ്പെടുന്ന അന്താരാഷ്ട്ര ഗുസ്തി മത്സരങ്ങളിലെ റഫറിയുമായ എം എം സലിമിനെയും, ലഹരിക്കെതിരെ NHRACF നിർമ്മിച്ച ഹ്രസ്വ ചിത്രമായ 'ജാനകിക്കാട് പോലീസ് സ്റ്റേഷനിൽ' അഭിനയിച്ച നായകൻ സി.ആർ. സലീമിനേയും ആദരിച്ചു. സംസ്ഥാന ചീഫ് കോർഡിനേറ്റർ ദിലീപ് ഖാദി സ്വാഗതം പറഞ്ഞ യോഗത്തിൽ എറണാകുളം ജില്ലാ പ്രസിഡണ്ട് സക്കറിയ മുഹമ്മദ് നന്ദിയും പറഞ്ഞു. സമ്മേളനത്തിൽ ഫാത്തിമ അൻസാരി സ്ത്രീശാക്തീകരണത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

യോഗത്തിൽ സംസ്ഥാന ഭാരവാഹികളായ ജനറൽ സെക്രട്ടറി ഫസീല ബീഗം, എം.പി.റീജ, ജാഫറലി, ദീപാറാണി വിനോദ് കുമാർ തുടങ്ങിയവർ സംസാരിച്ചു .

ജനങ്ങളുടെ കഷ്ടപ്പാട് തുടരാൻ അനുവദിക്കാനാകില്ല മാറ്റം അത്യാവശ്യം

കേച്ചേരി: ജനങ്ങളുടെ ഇന്നത്തെ കഷ്ടപ്പാടുകൾ അവസാനിപ്പിക്കാനുള്ള സമയം തിരിച്ചറിയേണ്ട സമയമാണിതെന്നും,ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച അധിക സാമ്പത്തിക ഭാരത്തിന്റെ ചങ്ങല പൊട്ടിക്കാനുള്ള ശക്തി ജനാധിപത്യത്തിന് മാത്രമാണെന്നും മുസ്ലീംലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

ചൂണ്ടൽ പഞ്ചായത്തിലെ ചിറനെല്ലൂർ,മണലി അയമുക്ക്,പട്ടിക്കര വാർഡുകളിലെ യു.ഡി.എഫ്.ജില്ലാ, ബ്ലോക്ക്,പഞ്ചായത്ത്സ്ഥാനാർത്ഥികളുടെ വിജയത്തിനായി സംഘടിപ്പിച്ച നിശാസന്ധ്യ കുടുംബ സംഗമം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മേഖല ബൂത്ത് പ്രസിഡന്റ് ആർ.എം.നൗഷാദ് അദ്ധ്യക്ഷത വഹിച്ചു.കോൺഗ്രസ്സ് ചൂണ്ടൽ മണ്ഡലം പ്രസിഡന്റ് ആർ.എം.ബഷീർ മുഖ്യ പ്രഭാഷണം നടത്തി.ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥി ലീല രാമകൃഷ്ണൻ, ബ്ലോക്ക് സ്ഥാനാർത്ഥികളായ ആന്റോ പോൾ,സിന്ധു സന്തോഷ്,പഞ്ചായത്ത് സ്ഥാനാർത്ഥികളായ പി.കെ.പരീത്,ജസി ജോസഫ്,അനൂഷ സാഹർ,റസിയ അലി,സി.ഒ.സെബി,നൗഫിദ ഷാഹുൽഹമീദ്,മുസ്ലിംലീഗ് പഞ്ചായത്ത് സെക്രട്ടറി വി.യു.മുസ്തഫ,വൈസ് പ്രസിഡന്റ് ജലീൽ ഹാജി,എന്നിവർ പ്രസംഗിച്ചു

ഡിസംബർ 7 സായുധസേനാ പതാക ദിനം

മറ്റം: വിമുക്തഭടന്മാരുടെ സംരക്ഷണം സമൂഹത്തിന്റെ കടമയാണെന്ന് മേജർ പി.ജെ. സ്റ്റൈജു. 24 കേരള ബറ്റാലിയൻ സായുധസേന പതാക ദിന ത്തോടനുബന്ധിച്ച് മറ്റത്ത് സംഘടിപ്പിച്ച ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദിനാചരണത്തിന്റെ ഭാഗമായി എൻ.സി.സി കേഡറ്റുകൾക്ക് സുബേദാർ നകുൽ മിർദ്ദ സായുധ സേനാ ദിന ബാഡ്ജ് സമ്മാനിച്ചു.

സിനിയർ അണ്ടർ ഓഫീസർ ശിവമല്ലി സായുധസേന ദിന സന്ദേശം നൽകി. സിനിയർ കേഡറ്റുകളായ അഭിജിത്ത് മോഹൻ, മുഹമ്മദ് ഷംസീർ, മിൻസാര രാജേന്ദ്രൻ അക്ഷയ് ഇ തോമസ് 'ആർദ്ര ' ശ്രീരാഗ്, ഇസബൽ ജോസ്. എന്നിവർ പ്രസംഗിച്ചു തങ്ങളുടെ പ്രദേശത്തുള്ള വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുമെന്ന് കേഡറ്റുകൾ പ്രതിജ്ഞയെടുത്തു. കേഡറ്റുകളുടെ ദേശഭക്തി ഗാനാലാപനത്തോടെ യോഗം സമാപിച്ചു. സായുധ സേനാദിനത്തിൽ വില്ക്കപ്പെടുന്ന സ്റ്റാമ്പുകളുടെ ധനസമാഹരണത്തിലൂടെയാണ് മരണമടഞ്ഞ വിമുക്ത ഭടന്മാരുടെ, കുടുംബത്തിന്റെ ക്ഷേമത്തിനും മക്കളുടെ പഠനത്തിനും വിവാഹത്തിനുമായി വരുന്ന ചിലവുകൾക്കുള്ള പണം സ്വരൂപിക്കുന്നത്. ജില്ലാ കളക്ടർ അധ്യക്ഷനായ സമിതിയാണ് പ്രാദേശിക തലത്തിൽ ഈ ഫണ്ട് വിതരണം ചെയ്യുന്നതിനാൽ പ്രാദേശികമായി വിമുക്തഭടന്മാരുടെ കുടുംബക്ഷേമത്തിനായി ഈ ദിനം വിജയിപ്പിക്കേണ്ടത് നമ്മുടെ കടമയാണെന്ന് യൂണിറ്റ് എൻ.സി.സി ഓഫിസർ മേജർ പി.ജെ. സ്റ്റൈജു കേഡറ്റുകളെ ഓർമിപ്പിച്ചു. തൃശ്ശൂർ 24 കേരള ബറ്റാലിയന്റെ കീഴിലുള്ള മറ്റം സെന്റ് ഫ്രാൻസിസ് ഹയർക്കൻഡറി സ്കൂളിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട കുടുംബ കോടതി മുമ്പാകെ

OP. 915/2024

ഷൈല 49 വയസ്സ്, D/o.ഔസേപ്പ്, കുൽക്കുഴി ഞെരിഞ്ഞാപ്പിള്ളി ഹൗസ്. മുപ്ലിയം വില്ലേജ് വരന്തരപ്പിള്ളി ദേശത്ത്, ഇഞ്ചങ്കുണ്ട്. പി.ഒ, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ 680312

-ഹർജിക്കാരി

ഫ്രാൻസി. പി.ഡി. 55 വയസ്സ്, S/o. ദേവസ്സി, പയ്യപ്പിള്ളി വീട്ടിൽ, ഒല്ലൂർ, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ ജില്ല

-എതിർകക്ഷി

പത്രപരസ്യം

മേൽ നമ്പറിൽ എതിർക്ഷിയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിന് വേണ്ടിയാണ് മേൽ നമ്പർ ഹർജി ബോധിപ്പിച്ചിട്ടുള്ളത്, മേൽ നമ്പർ ഹർജിയിൽ എതിർകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ മേൽ നമ്പർ കേസ് **06-01-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്തപക്ഷം മേൽ നമ്പർ കേസ്നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു

എന്ന് 2025 ഡിസംബർ മാസം 25 ന്

ഹർജി ഭാഗം അഡ്വക്കറ്റ് **ലതാപ്രസാദ്** (ഒപ്പ്)

സൈമൺമാസ്റ്റർ ഉദ്ഘാടനം ചെയ്തു

ഗുരുവായൂർ: നഗരസഭ മുപ്പത്തിയൊന്നാം വാർഡ് എൽ.ഡി.എഫ് സ്ഥാനാർത്ഥി പി.രമേഷിന്റെ പ്രചരണാർത്ഥം നടന്ന പൊതുയോഗം ആർ ജെ ഡി നേതാവ് പി ഐ സൈമൺ മാസ്റ്റർ ഉൽഘാടനം ചെയ്തു. ശിവദാസ് പാക്കത്ത് അദ്ധ്യക്ഷത വഹിച്ചു. മുൻ എം.എൽ എ പി.ടി കുഞ്ഞുമുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. സ്ഥാനാർത്ഥി പി. രമേഷ്,ശ്യാംകുമാർ, അനിൽ,ശശികുമാരൻ നായർ, സിന്ധു ബാബു എന്നിവർ സംസാരിച്ചു.

ഞെള്ളൂർ പൂയ്യം ഇന്ന്

കല്ലൂർ പി ഒ. - 680317, Mob: 8281106466, 8848226228

സംഘ കാലഘട്ടത്തിൽ ദക്ഷിണ ഭാരതത്തിൽ സ്കന്ദാരാധനയുമായി ബന്ധപ്പെട്ട് പണ്ടുമുതൽ തുടങ്ങി ഇപ്പോഴും ആചാരാഘോഷങ്ങളോടെ തുടർന്നുകൊണ്ടിരിക്കുന്നതുമായ വൃശ്ചികമാസത്തിലെ പൂയ്യമഹോത്സവം വളരെ പ്രസിദ്ധമാണ്. ഈ പുണ്യദിനാണ് നാം ഞെള്ളൂർ പൂയ്യമായി കൊണ്ടാടുന്നത്. അനവധി ദേശക്കാരുടെ വിവിധ വർണ്ണ ചാരുതയോടുകൂടിയ പീലികാവടികളും കേരളത്തിലെ പ്രശസ്തരായ താളമേള വാദ്യ കലാകാരന്മാരുടെ നാദസ്വരം, തകിൽ, പഞ്ചവാദ്യ ഘോഷത്തോടെയും അണിയിച്ചൊരുക്കിയ ഗജവീരന്മാരുടെ അകമ്പടിയോടുകൂടിയ വർണ്ണ പ്രപഞ്ചമൊരുക്കുന്ന കാഴ്ച ഞെള്ളൂർ പൂയ്യത്തിന്റെ മാത്രം പ്രത്യേകതയാണ്. ഈ ധന്യ നിമിഷങ്ങളെ നെഞ്ചിലേറ്റാൻ നിങ്ങളേവരെയും ഞെള്ളൂർ ശ്രീ സുബ്രഹ്മണ്യ സ്വാമിയുടെ മണ്ണിലേക്ക് സാദരം സ്വാഗതം ചെയ്യുന്നു.



സായുധസേന പതാകദിനം ഡിസംബർ 7

ബഹു. കേരള ഗവർണറുടെ സന്ദേശം

രാഷ്ട്രത്തിനുവേണ്ടി ജീവൻ ത്യജിച്ച ധീരരക്തസാക്ഷികളോടുള്ള ആദരസൂചകമായിട്ടാണ് എല്ലാ വർഷവും ഡിസംബർ 7-ാം തീയതി നാം സായുധസേന പതാകദിനം ആചരിക്കുന്നത്. ജീവിതത്തിന്റെ സുവർണ കാലഘട്ടം രാജ്യസുരക്ഷയ്ക്കായി സമർപ്പിച്ച വിമുക്തഭടന്മാരുടെയും തളരാത്ത വീര്യത്തോടെയും വിശ്വസ്തതയോടെയും രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും പരിരക്ഷിക്കുന്ന സായുധസേനാംഗങ്ങളുടെയും വിലപ്പെട്ട സേവനത്തെ തികഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുന്നതിനാണ് നാം സായുധസേന പതാകദിനം ആചരിക്കുന്നത്.

കാർ ഫ്ളാഗുകളുടെയും ടോക്കൺ ഫ്ളാഗുകളുടെയും വിൽപ്പനയിലൂടെയാണ് പതാകദിന ഫണ്ട് സമാഹരിക്കുന്നത്. വിമുക്തഭടന്മാർക്കും സൈനികരുടെ വിധവകൾക്കും മക്കൾക്കും സാമ്പത്തിക സഹായം നൽകാനാണ് ഈ ഫണ്ട് വിനിയോഗിക്കപ്പെടുക. പതാകദിന നിധിയുടെ സമാഹരണത്തിൽ ജില്ലകൾ തമ്മിൽ ആരോഗ്യപരമായ മത്സരം ഉറപ്പാക്കാൻ പതാകദിന ഫണ്ട് സമിതി റോളിംഗ് ട്രോഫികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന ജില്ല, വിദ്യാഭ്യാസ സ്ഥാപനം, എൻ.സി.സി ബറ്റാലിയൻ എന്നിവയ്ക്ക് റോളിംഗ് ട്രോഫി നൽകും.

2025 - ലെ പതാകദിന നിധിയിലേയ്ക്ക് ഉദാരമായ സംഭാവന നൽകി മഹത്തായ ഈ സംരംഭത്തെ വൻ വിജയമാക്കണമെന്ന് കേരള ജനതയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

ബഹു. മുഖ്യമന്ത്രിയുടെ സന്ദേശം

നമ്മുടെ രാജ്യത്തിന്റെ സുരക്ഷക്കു വേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്ന ജവാന്മാരുടെ ത്യാഗത്തിന്റെയും നിസ്വാർത്ഥസേവനത്തിന്റെയും ഓർമ്മ പുതുക്കുന്ന പതാകദിനത്തിൽ എല്ലാ സൈനികർക്കും, വിമുക്തഭടന്മാർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും അഭിവാദനങ്ങൾ അർപ്പിക്കുന്നു.

വീരജവാന്മാരുടെ രാഷ്ട്രസേവനത്തെക്കുറിച്ചും വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും അവസ്ഥയെക്കുറിച്ചും ചിന്തിക്കുവാൻ ഈ ദിനം നമുക്ക് അവസരം തരുന്നു. അവരെ സഹായിക്കുവാൻ സ്വരൂപിക്കുന്ന പതാകദിന ഫണ്ടിലേക്ക് സംഭാവന നൽകുന്നതുവഴി നാം അവരെ ആദരിക്കുകയും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

നാം ഒരു വലിയ കടമ ഇതിലൂടെ നിറവേറ്റുന്നു പതാകദിന ഫണ്ട് വിജയിപ്പിച്ച് രാഷ്ട്രസേവനത്തിൽ പങ്കാളികളാകുവാൻ എല്ലാ കേരളീയരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

പിണറായി വിജയൻ

സൈനിക ക്ഷേമ വകുപ്പ് | ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ